# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1710 — 14.08.2017-ൽ മറുപടിയ്ക്ക്

## കൊച്ചി മെട്രോ റെയിൽ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഹൈബി ഈഡൻ | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ നിലവിലത്തെ അവസ്ഥ വിശദീകരിക്കാമോ; പാലാരിവട്ടം മുതൽ മഹാരാജാസ് കോളേജ് വരെയുള്ള റീച്ച് എത്ര നാൾക്കുള്ളിൽ പൂർത്തീകരിക്കുവാൻ സാധിക്കും; | (എ) | കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ ആലുവ മുതൽ പാലാരിവട്ടം വരെയുള്ള റീച്ച് ഒന്ന് പൊതുജനങ്ങൾക്കായി തുറന്ന് കൊടുത്തു കഴിഞ്ഞു. പാലാരിവട്ടം മുതൽ മഹാരാജാസ് കോളേജ് വരെയുള്ള റീച്ചിന്റെ നിർമ്മാണ ജോലികൾ ഒക്ടോബർ മാസത്തോടുകൂടി പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | മഹാരാജാസ് മുതൽ പേട്ട വരെയുള്ള റീച്ചിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ ; | (ബി) | മഹാരാജാസ് ഗ്രൗണ്ട് മുതൽ കുന്നറ പാർക്ക് വരെയുള്ള പ്രവൃത്തികൾ ത്വരിത ഗതിയിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. കുന്നറ പാർക്ക് മുതൽ പേട്ട വരെയുള്ള മെട്രോ ജോലികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. |
| (സി) | പേട്ട വരെയുള്ള റീച്ചിൽ ഇനി ഭൂമി ഏറ്റെടുക്കൽ ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ ; | (സി) | ഉണ്ട്. പ്രസ്തുത റീച്ചിലെ റോഡ് നവീകരണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ജില്ലാ ഭരണകൂടം പുതിയസ്ഥലമെടുപ്പ് നിയമപ്രകാരം നടത്തി വരുന്നു. കൂടാതെ, ചമ്പക്കര പാലം മുതൽ പേട്ട വരെയുള്ള റോഡ് വീതി കൂട്ടുന്നതിനുള്ള പൊന്നുവില നടപടികളും സ്വീകരിച്ച് വരികയാണ്. |
| (ഡി) | ഈ സർക്കാർ അധികാരത്തിലെത്തിയതിന് ശേഷം കൊച്ചി മെട്രോയ്ക്കായി സർക്കാരിൽ നിന്നും അനുവദിച്ച തുക എത്രയാണെന്ന് വെളിപ്പെടുത്താമോ ; | (ഡി) | ഈ സർക്കാർ അധികാരത്തിലെത്തിയതിന് ശേഷം കൊച്ചി മെട്രോയ്ക്കായി കീഴ്ക്കട ഇനത്തിൽ 313.59 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | എറണാകുളം നഗരത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന മെട്രോ അനുബന്ധ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ? | (ഇ) | ആലുവ, ഇടപ്പള്ളി, വൈറ്റില എന്നിവിടങ്ങളിലെ ജംഗ്ഷൻ നവീകരണ പ്രവർത്തനങ്ങൾ, പദയാത്രികർക്ക് മാത്രം ഉപയോഗിക്കുവാനുതകുന്ന ആധുനിക നടപ്പാത, സ്റ്റേഷൻ സംബന്ധിയായ വികസന പ്രവർത്തനങ്ങൾ, ഇവിടങ്ങളിലാവശ്യമായ നവീന വൈദ്യുതീകരണ സംവിധാനങ്ങൾ തുടങ്ങിയവയാണ് വാട്ടർമെട്രോ, മെട്രോ ടാക്സി എന്നിവ കൂടാതെ വിശാലകൊച്ചി നഗരത്തിൽ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് നടപ്പിലാക്കാനുദ്ദേശിക്കുന്ന മെട്രോ അനുബന്ധ പ്രവർത്തനങ്ങൾ. ഏകദേശം 161 കോടി രൂപ ചെലവ് വരുന്ന പ്രസ്തുത മെട്രോ അനുബന്ധ സംവിധാനങ്ങൾ നടപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിക്കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ